**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3295** **13-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 01.08.1971 ന് ശേഷമുള്ള സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾക്ക് പതിവിന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 01.08.1971 ന ശേഷമുള്ള സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾക്ക് പതിവിന് അർഹത ഉണ്ട്. എന്നാൽ കൈവശഭൂമിയെന്ന നിലയിൽ പതിവിന് അർഹത 01.08.1971 ന് മുമ്പ് കൈവശം ഉള്ളവർക്ക് മാത്രമാണ്.** |
| (ബി) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ മുരിങ്ങൂർ തെക്കുമുറി വില്ലേജിലെ ഓലിയാപ്പുറം വീട്ടിൽ ശ്രീ. ഒ.എൽ.ജോസിന്റെ കൈവശമുള്ള ഭൂമി ഗാർഹികാവശ്യത്തിന് പതിച്ചു നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള നടപടികൾ വിശദീകരിക്കുമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുമുറി വില്ലേജിൽ ഒലിയാപ്പുറം വീട്ടിൽ ശ്രീ. ഒ.എൽ. ജോസിന്റെ കൈവശമുള്ള ഭൂമി വില്ലേജ് രേഖകൾ പ്രകാരം ഇടവഴി പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതും 1994 മുതൽ പ്രസ്തുത വ്യക്തിയുടെ കൈവശമുള്ളതുമാണ്. 01.08.1971 മുതൽ കൈവശം ഇല്ലാത്ത ഭൂമി പതിവിനായി പരിഗണിക്കാൻ നിലവിലെ നിയമങ്ങൾ പ്രകാരം സാധ്യമല്ല. |
| (സി) | വില്ലേജ് രേഖകൾ പ്രകാരം ഇടവഴി പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതും തദ്ദേശ സ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കിയിട്ടുള്ളതും 1994-മുതൽ പ്രസ്തുത വ്യക്തിയുടെ കൈവശമുള്ളതുമായ ഭൂമി പതിച്ച് കൊടുക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ? | (സി) | 01.08.1971 മുതൽ കൈവശം ഇല്ലാത്ത ഭൂമി പതിവിനായി പരിഗണിക്കാൻ നിലവിലെ നിയമങ്ങൾ പ്രകാരം സാധ്യമല്ല. |

സെക്ഷൻ ഓഫീസർ